പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 581 27.2.2018 -ൽ മറുപടിയ്ക്ക്

## വള്ളംകളി മത്സരങ്ങൾക്ക് ധനസഹായം

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | ടൂറിസംവകുപ്പിന്റെ സഹകരണത്തോടെ നടത്തുന്ന വള്ളംകളി മത്സരങ്ങളിൽ പങ്കെടുക്കുന്ന വള്ളങ്ങളുടെയും ഇവയുടെ വള്ളപ്പുരകളുടെയും അറ്റകുറ്റപണികൾക്കായി നീക്കി വച്ച ബജറ്റ് വിഹിതം എത്രയെന്ന് വിശദമാക്കുമോ; | എ) | 2017-18-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതനുസരിച്ച് വള്ളംകളി പ്രോത്സാഹിപ്പിക്കുന്നതിനും മെയിന്റനൻസ് സഹായം ഇതു വരെ ലഭിക്കാത്ത ചുണ്ടൻവള്ളങ്ങൾക്ക് ധനസഹായത്തിനുമായി അഞ്ചുകോടി രൂപ '3452-80-800-24 Encouraging Boat Race and Giving Assistance to Snake Boats ' എന്ന ശീർഷകത്തിൽ വകയിരുത്തിയിരുന്നു. |
| ബി) | എത്ര വള്ളങ്ങളുടെയും വള്ളപ്പുരകളുടെയും അറ്റകുറ്റപ്പണിക്കായാണ് ഈ വിഹിതമനുവദിച്ചത്; ഇവയുടെ വിശദമായ പട്ടിക ലഭ്യമാക്കാമോ; ബജറ്റിൽ തുക വകയിരുത്തിയിട്ടും ഇത്തരത്തിലൊരു പദ്ധതി നടപ്പാക്കാൻ കഴിഞ്ഞിട്ടില്ലെങ്കിൽ ആയതിന്റെ കാരണം എന്തെന്ന് വിശദമാക്കുമോ; | ബി) | ടൂറിസം ഡയറക്ടർ സർക്കാരിന്റെ പരിഗണന്യ്ക്കായി ശുപാർശ ചെയ്ത മെയിന്റനൻസ് സഹായം ലഭിക്കാത്ത 52 ആറന്മുള പള്ളിയോടങ്ങൾക്ക് ഓരോന്നിനും 25,000/- രൂപ വീതം '3452-80-800-24 Encouraging Boat Race and Giving Assistance to Snake Boats ' എന്ന ശീർഷകത്തിൽ നിന്നും 11/09/2017-ലെ സ.ഉ(സാധാ) നം.425/2017/ടൂറിസം ഉത്തരവ് പ്രകാരം ആകെ 13 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| സി) | പദ്ധതി നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | സി) | പദ്ധതി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

സംഗ്രഹം

വിനോദസഞ്ചാര വകുപ്പ് - ചുണ്ടൻ വള്ളങ്ങളുടെ അറ്റകുറ്റ പണികൾക്ക് ധനസഹായം അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വിനോദസഞ്ചാര (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.425/2017/ടൂറിസം. തീയതി, തിരുവനന്തപുരം,11/09/2017.**

**പരാമർശം** - ടൂറിസം ഡയറക്ടറുടെ 22.8.2017-ലെ എം 2/10928/2017 നമ്പർ കത്ത്.

**ഉത്തരവ്**

2017-18-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതനുസരിച്ച് വള്ളംകളി പ്രോത്സാഹിപ്പിക്കുന്നതിനും മെയിന്റനൻസ് സഹായം ഇതുവരെ ലഭിക്കാത്ത ചുണ്ടൻ വള്ളങ്ങൾക്ക് ധനസഹായത്തിനുമായി അഞ്ചുകോടി രൂപ '3452-80-800-24 Encouraging Boat Race and Giving Assistance to Snake Boats' എന്ന ശീർഷകത്തിൽ വകയിരുത്തിയിരുന്നു. അതിൻ പ്രകാരം 52 ആറന്മുള പള്ളിയോടങ്ങൾക്ക് അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ധനസഹായം നൽകുന്നതിന് പരാമർശ കത്തിലൂടെ ടൂറിസം ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2017-18-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതിൻ പ്രകാരം വള്ളംകളി പ്രോത്സാഹിപ്പിക്കുന്നതിനും മെയിന്റനൻസ് സഹായം ഇതുവരെ ലഭിക്കാത്ത ചുണ്ടൻ വള്ളങ്ങൾക്ക് ധനസഹായത്തിനുമായി '3452-80-800-24 Encouraging Boat Race and Giving Assistance to Snake Boats' എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള അഞ്ചു കോടി രൂപയിൽ നിന്നും ചുവടെ ചേർത്തിട്ടുള്ള 52 ആറന്മുള പള്ളിയോടങ്ങൾക്ക് 25,000 രൂപ വീതം മെയിന്റനൻസ് ഗ്രാന്റായി ആകെ 13,00,000/- (പതിമൂന്ന് ലക്ഷം രൂപ മാത്രം) അനുവദിക്കുന്നതിന് ടൂറിസം ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. കാട്ടൂർ
2. ചെറുകോൽ
3. മേലുക്കര
4. കീഴക്കര
5. കോഴഞ്ചേരി
6. നെടുമ്പ്രയാർ
7. കറിയന്നൂർ
8. അയിരൂർ

9. കോറ്റാത്തൂർ
10. ഇടപ്പാവൂർ
11. മാരമൺ
12. തോട്ടപ്പുഴശ്ശേരി
13. പൂവത്തൂർ കിഴക്ക്
14. പൂവത്തൂർ പടിഞ്ഞാറ്
15. കോയിപ്രം
16. ആറാട്ടുപുഴ
17. മാലക്കര
18. ഇടയാറന്മുള
19. ളാക-ഇടയാറന്മുള
20. ഇടയാറന്മുള കിഴക്ക്
21. ഇടശ്ശേരിമല
22. ഇടശ്ശേരിമല കിഴക്ക്
23. നെല്ലിക്കൽ
24. മല്ലപ്പുഴശ്ശേരി
25. പുന്നംതോട്ടം
26. ഇടനാട്
27. മംഗലം
28. ഓതറ
29. വെൺപാല
30. കടപ്ര
31. കോടിയാട്ടുകര
32. മുണ്ടങ്കാവ്
33. മുതവഴി
34. ഉമയാറ്റുകര
35. ചെന്നിത്തല
36. കീഴ്വന്മഴി
37. വന്മഴി
38. ഇടപ്പാവൂർ-പേരൂർ
39. തൈമറാവുംകര
40. റാന്നി
41. തെക്കേമുറി
42. പ്രയാർ
43. കീഴ്ച്ചേരിമേൽ
44. പുതുകുളങ്ങര
45. തെക്കേമുറി-കിഴക്ക്
46. കിഴക്കനോതറ-കന്നേക്കാട്
47. വരയന്നൂർ

48. പുല്ലൂപ്രം
49. കീകൊഴൂർ
50. ചിറയിറമ്പ്
51. എടക്കളം
52. മഴക്കീർ

ധനസഹായമായി നൽകുന്ന തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ടൂറിസം ഡയറക്ടർ യഥാസമയം ലഭ്യമാക്കി പരിശോധിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
**പത്മകുമാർ.ടി.വി**
**അണ്ടർ സെക്രട്ടറി**

ഡയറക്ടർ, ടൂറിസം വകുപ്പ്, പാർക്ക് വ്യൂ, തിരുവനന്തപുരം
പ്രിൻസിപ്പൽഅക്കൗണ്ടന്റ്ജനറൽ(ആഡിറ്റ്),കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ്ജനറൽ (ഇ & ആർഎസ്എ), കേരള, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം സബ് ട്രഷറി, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ/ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ